കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# ചപ്പാരപ്പടവ് ഗ്രാമ പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട് 2015-16

# ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ

e-mail:lfaddistofficeknr@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.കെ.എൻ.ആർ/C6/2041/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ – 670001.
e-mail:lfaddistofficeknr@gmail.com
ഫോൺ: 0497- 2707698.

തീയതി.29.12.2016

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചപ്പാരപ്പടവ് ഗ്രാമ പഞ്ചായത്ത്.

സർ,

വിഷയം : ചപ്പാരപ്പടവ് ഗ്രാമ പഞ്ചായത്ത് 2015-16 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചപ്പാരപ്പടവ് ഗ്രാമ പഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെയും ഭാഗം 3ലെയും ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15).

ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,
ഡെപ്യൂട്ടി ഡയറക്ടർ.

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് , തിരുവനന്തപുരം (ഇ-മെയിൽ വഴി)
2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ (ഉപരിപത്രം സഹിതം).
3)കാര്യാലയ പകർപ്പ്.

പി.പി.യു

നം.കെ.എസ്.എ.കെ.എൻ.ആർ/സി.6/2041/2016

തിയ്യതി:29.12.2016

# കണ്ണൂർ ജില്ലയിലെ ചപ്പാരപ്പടവ് ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

## ആമുഖം

കണ്ണൂർ ജില്ലയിലെ ചപ്പാരപ്പടവ് ഗ്രാമ പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01-04-2015മുതൽ 07-11-2016 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 23 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റേയോ ലഭ്യമാക്കാത്ത വിവരത്തിന്റേയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവും ഉണ്ടായിരിക്കുന്നതല്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.അശോകൻ മഠത്തിൽ<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 08-11-2016 മുതൽ 16-11-2016 വരെ: |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി.രമണി കിഴക്കീൽ,<br>ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| | ശ്രീ. പി.ഷഹീൻ,<br>അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.ഷീല.കെ.<br>സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി.സബിത, കെ,ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.സുനിജ ബാലകൃഷ്ണൻ | 01-04-2015 മുതൽ<br>31-10-2015 വരെ |
| | ശ്രീ.സജി ഓതറ | 19-11-2015മുതൽ<br>31-03-2016വരെ |
| | ഭരണ നിർവ്വഹണ കമ്മിറ്റി<br>സെക്രട്ടറി,<br>കൃഷി ഓഫീസർ,<br>ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-11-2015 മുതൽ<br>18-11-2015വരെ |
| സെക്രട്ടറി | ശ്രീ.അശോകൻ മലപ്പിലായി | 01-04-2015 മുതൽ<br>31-07-2015 വരെ |
| | ശ്രീ.ഗിരീഷ് ലാൽ എൻ.സി.<br>(അസിസ്റ്റന്റ് സെക്രട്ടറി) | 01-08-2015 മുതൽ<br>16-08-2015 വരെ |
| | ശ്രീ.സുജിത്ത് കുമാർ.പി. | 17-08-2015 മുതൽ<br>31-03-2016 വരെ |
| ഉദ്യോഗപ്പേര് | | കാലയളവ് |
| കൃഷി ഓഫീസർ | ശ്രീമതി.അനുജ ജോർജ്ജ് | 01-04-2015 മുതൽ<br>31-03-2016വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.ഗിരീഷ് ലാൽ എൻ.സി | 01-04-2015 മുതൽ<br>31-03-2016വരെ |
| വെറ്റിനറി സർജൻ | ശ്രീ.വിനീത് സി. പണിക്കർ | 01-04-2015 മുതൽ<br>31-03-2016വരെ |
| ഹെഡ് മാസ്റ്റർ | ശ്രീ.ഔസേപ്പ് .സി.ജെ. | 01-04-2015 മുതൽ<br>31-03-2016വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ(കുവേരി) | ശ്രീമതി.സജിത.കെ | 01-04-2015മുതൽ<br>06-12-2015 വരെ |
| | ശ്രീ.സുരേന്ദ്രൻ.ടി.വി. | 07-12-15 മുതൽ<br>31-03-2016വരെ |

| | | |
|---|---|---|
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ(തടിക്കടവ്) | ശ്രീമതി.ബിന്ദു.എം.പി | 01-04-2015 മുതൽ 31-03-2016വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി.ശ്രീലത.സി.കെ. | 01-04-2015 മുതൽ 31-03-2016വരെ |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി. | ഡോ.ബൽക്കീസ് | 01-04-2015 മുതൽ 23-04-15വരെ |
| | ഡോ.സ്വാതി വിജയൻ | 24-04-2015 മുതൽ 13-05-2015വരെ |
| | | 07-07-2015 മുതൽ 03-08-2015വരെ |
| | ഡോ.സിമി | 14-05-2015 മുതൽ 06-07-2015വരെ |
| | | 4-08-2015 മുതൽ 17-08-15വരെ |
| | ഡോ.ബിനുലാൽ.പി.ഭാസ്കർ | 18-08-2015 മുതൽ 31-03-2016വരെ |
| മെഡിക്കൽ ഓഫീസർ ആയുർവ്വേദം | ഡോ.ആർ.ഷാജു. | 01-04-2015 മുതൽ 30-06-2015 വരെ |
| | ഡോ.പ്രീത | 01-07-2015 മുതൽ 31-03-2016 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി.വാഹിദ.കെ. | 01-04-2015 മുതൽ 05-08-2015 വരെ |
| | ശ്രീ.തോമസ് മാത്യു | 06-08-2015 മുതൽ 31-03-2016 വരെ |

| ക്രമ നമ്പർ | ഖണ്ഡിക നമ്പർ | വിഷയം | പേജ് നമ്പർ |
|---|---|---|---|

| | | | |
|---|---|---|---|
| ഭാഗം1<br>പൊതു അവലോകനം | | | |
| 1 | 1-1 | ബജറ്റ് | |
| 2 | 1-2 | വാർഷികധനകാര്യപത്രിക | |
| 3 | 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | |
| 4 | 1-4 | സാമ്പത്തിക വിശകലനം | |
| 5 | 1-5 | ഫണ്ട് വിനിയോഗം | |
| 6 | 1-6 | പദ്ധതി അവലോകനം | |
| 7 | 1-7 | തനത് വരുമാനം. | |
| 8 | 1-8 | ക്ഷേമപദ്ധതികൾ | |
| 9 | 1-9 | ക്യാഷ് വെരിഫിക്കേഷൻ | |
| 10 | 1-10 | ആഭ്യന്തരനിയന്ത്രണം. | |
| 11 | 1-11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | |
| 12 | 1-12 | ഗ്രാമസഭ | |
| ഭാഗം-2<br>വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | | |
| 13 | 2-1 | വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ നികുതി നിർണ്ണയിച്ചതിൽ കുറവ് ₹6748 വരവ് നഷ്ടം | |
| 14 | 2-2 | സ്ഥാപന തൊഴിൽ നികുതി ഈടാക്കുന്നില്ല | |
| 15 | 2-3 | തുക ഒടുക്കിയതിൽ കുറവ് | |
| 16 | 2-4 | ഡി&ഓ ലൈസൻസ് ഫീസ് ഈടാക്കിയതിൽ കുറവ് ₹650 വരവ് നഷ്ടം | |
| ഭാഗം-3<br>ചെലവുകണക്കുകളിൻ മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | | |
| 17 | 3-1 | അധിക ശമ്പളം നൽകിയത്- തുക ₹4000 നിരാകരിക്കുന്നു. | |
| 18 | 3-2 | ചപ്പാരപ്പടവ് പി.എച്ച്.സി.ക്ക് പാലിയേറ്റീവ് ഉപകരണങ്ങൾ സൂക്ഷിക്കുന്നതിനുള്ള സ്റ്റോർറൂം നിർമ്മാണം അധികചെലവ് ₹15024 നിരാകരിക്കുന്നു. | |

| | | | |
|---|---|---|---|
| 19 | 3-3 | എരുവാട്ടി കുടിവെള്ള പദ്ധതി അധികചെലവ് ₹464 നിരാകരിക്കുന്നു | |
| 20 | 3-4 | ഗവ .എൽ .പി .സ്കൂൾ കെട്ടിടംറിപ്പയർ -പ്രവർത്തി അപാകതകൾ | |
| 21 | 3-5 | അനുബന്ധ രേഖകൾ ഹാജരാക്കിയില്ല₹658508 ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. | |
| 22 | 3-6 | മീഡിയശ്രീ പദ്ധതി- രേഖകളും വിനിയോഗ സാക്ഷ്യപത്രവും ഹാജരാക്കിയില്ല – ₹65000 രൂപ തടസ്സപ്പെടുത്തുന്നു | |
| 23 | 3-7 | ഗ്രാമ കേന്ദ്രത്തിലേക്ക് ഫർണിച്ചർ- അനുബന്ധരേഖകൾ ഹാജരാക്കിയില്ല.തുക ₹3,37,350തടസ്സപ്പെടുത്തുന്നു | |
| 24 | 3-8 | ഗ്രാമ കേന്ദ്രത്തിലേക്ക് ഫർണിച്ചർ- അനുബന്ധരേഖകൾ ഹാജരാക്കിയില്ല.തുക ₹3,37,350 തടസ്സപ്പെടുത്തുന്നു | |
| 25 | 3-9 | പട്ടികജാതി വിദ്യാർത്ഥികൾക്ക് ഫർണിച്ചർ സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല ₹278046 തടസ്സപ്പെടുത്തുന്നു | |
| 26 | 3-10 | സമഗ്ര തുടർ വിദ്യാഭ്യാസ പദ്ധതി സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല ₹49244 തടസ്സപ്പെടുത്തുന്നു | |
| 27 | 3-11 | പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് ഫർണിച്ചർ സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല ₹64890 തടസ്സപ്പെടുത്തുന്നു | |
| 28 | 3-12 | എൻ.എ.സി.ഹാജരാക്കിയിട്ടില്ല.₹200000 തടസ്സപ്പെടുത്തുന്നു | |
| 29 | 3-13 | യുനാനി ഡിസ്പെൻസറിയിൽ മരുന്നുവിതരണം അപാകങ്ങൾ ₹100000 തടസ്സപ്പെടുത്തുന്നു | |
| 30 | 3-14 | അംഗനവാടി ജീവനക്കാർക്കുള്ള അധികവേതനം- വിതരണ രേഖകൾ ഹാജരാക്കിയില്ല-ചെലവ് തുക ₹51,300 തടസ്സപ്പെടുത്തുന്നു. | |
| 31 | 3-15 | പ്രത്യേക ആവശ്യങ്ങൾക്ക് ലഭിച്ച വിവിധ ഗ്രാന്റുകളിൽ 14.80 ലക്ഷം രൂപ നീക്കിയിരിപ്പ്-തുക ഫലപ്രദമായി വിനിയോഗിക്കേണ്ടതാണ്. | |
| ഭാഗം-4<br>പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | | |
| 32 | 4-1 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | |
| 33 | 4-2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | |
| 34 | 4-3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | |
| 35 | 4-4 | വായ്പ/ വായ്പ തിരിച്ചടവ് | |
| 36 | 4-5 | സ്ഥിരനിക്ഷേപങ്ങൾ | |

| | | | |
|---|---|---|---|
| 37 | 4-6 | ഓഡിറ്റ് റിക്കവറി | |
| 38 | 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | |
| 39 | 4-8 | ഓഡിറ്റ് പ്രത്യവലോകനം | |
| 40 | 4-9 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരങ്ങൾ | |
| അനുബന്ധം | | | |
| 41 | I | ഓഡിറ്റ് സർട്ടിഫിക്കറ്റ് | |
| 42 | II | Receipt and Payment Statement | |
| 43 | III | Income and Expenditure Statement | |
| 44 | IV | Balance Sheet | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-2016 വർഷത്തെ പുതുക്കിയ ബജറ്റ് 27--02-2016തീയതിയിലെ 09/2016 തീരുമാനപ്രകാരം പ്രകാരം അംഗീകരിച്ചു.

| | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് | വ്യത്യാസം |
|---|---|---|---|
| മുന്നിരിപ്പ് | 39035974 | 39035974 | ഓഡിറ്റ് ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് നേരിട്ട് ട്രാൻസ്ഫർ ചെയ്യപ്പെടുന്ന ഹെഡ്ഡുകളിലെ തുക ഉൾപ്പെടുത്തിയും, റസീറ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റിൽ ഇവ ഉൾപ്പെടുത്താതെയും തയ്യാറാക്കിയ തിനാൽ താരതമ്യം ചെയ്യാൻ സാധിച്ചിട്ടില്ല. |
| വരവ് | 71187251 | 55818300 | |
| ആകെ | 110223225 | 94854274 | |
| ചെലവ് | 76247251 | 65887639 | |
| നീക്കീയിരിപ്പ് | 33975974 | 28966635 | |

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2015-16 | 31-07-2016 | 26-07-16 | തിരിച്ചയച്ചിട്ടില്ല | |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2015-16 | 08-11-2016 മുതൽ 09-11-2016 | കെ.എസ്.എ./കെ.എൻ. ആർ/സി-6/ /2016 വിശേഷണങ്ങളോടുകൂടിയ സാക്ഷ്യപത്രം |

1-വാർഷികകണക്കിലെ ഇനങ്ങൾ യഥാർത്ഥ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഇനം | യഥാർത്ഥകണക്ക് | വാർഷികകണക്ക് പ്രകാരം |
|---|---|---|---|
| 1 | ഇന്ദിരഗാന്ധി നാഷനൽ ഓൾഡ് ഏജ് പെൻഷൻ | 1337760<br>(DBT റിപ്പോർട്ട് പ്രകാരം) | 6820800(I-6) |
| 2 | കർഷക തൊഴിലാളി പെൻഷൻ | 4656600(DBT റിപ്പോർട്ട് പ്രകാരം) | 2702400(I-6) |
| 3 | വിധവ പെൻഷൻ | 11247240(DBT റിപ്പോർട്ട് പ്രകാരം) | 7030400(I-6) |
| 4 | 50വയസ്സിനുമുകളിൽ അവിവാഹിത പെൻഷൻ | 233240 (DBT റിപ്പോർട്ട് പ്രകാരം) | 142400(I-6) |
| 5 | വികലാംഗ പെൻഷൻ | 3076585 (DBT റിപ്പോർട്ട് പ്രകാരം) | 1579300(I-6) |
| 6 | ആയുർവേദ വകുപ്പ് | 6652 (ബിൽ ബുക്ക് പ്രകാരം) | 3590(RP-7) |
| 7 | എം.ജി.എൻ.ആർ. ജി.ഇ.എസ് | 315587<br>(കാഷ് ബുക്ക് പ്രകാരം ഡിമാന്റ് കലക്ഷൻ | 270162(RP-31) |
| 8 | കെട്ടിട വാടക (ഡിമാന്റ്) | 213276 (വാടക രജിസ്റ്റർ) | 195894(I-3) |
| 9 | കെട്ടിട വാടക (കലക്ഷൻ ) | 195894 (വാടക രജിസ്റ്റർ) | 176634(RP43) |
| 10 | കെട്ടിട വാടക (ബാലൻസ്) | 17382 (വാടക രജിസ്റ്റർ) | - |
| 11 | തെഴിൽനികുതി ഇൻസ്റ്റിറ്റ്യൂഷൻ (കലക്ഷൻ ) | 273280 (തൊഴിൽ നികുതി ഡിമാന്റ് കലക്ഷൻ രജിസ്റ്റർ) | 267900 |

2-അസിസ്റ്റന്റ് എഞ്ചീനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടത്തിയ 5 ലക്ഷത്തിലധികം വരുന്ന നിർമ്മാണ പ്രവൃത്തികളുടെ ടെണ്ടർ ഫോറം വില ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചീനിയരിൽ നിന്നും ലഭിക്കാനുണ്ടെങ്കിലും അയത് വാർഷിക കണക്കിൽ ഉൾപ്പടുത്തിയിട്ടില്ല.

3ബാലൻസ് ഷീറ്റ് ബി-5 Secured loan ബി-16 Prepaid expenses മായി പൊരുത്തപ്പെടുന്നില്ല.

4 വസ്തുനികുതി- വാർഷിക കണക്കിലെ തുകകൾ സഞ്ചയ സേഫ്റ്റ് വേയറിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

5 ബാലൻസ് ഷീറ്റ് -ബി-11 ഷെഡ്യൂൾ പ്രകാരം ആസ്തികളുടെ മൂല്യ നിർണ്ണയം ശരിയായി നടത്തിയതിന്റെ രേഖകൾ ഇല്ല.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 39035974 |
| വരവ് | 55818300 |
| ആകെ | 94854274 |
| ചെലവ് | 65887639 |
| നീക്കീയിരിപ്പ് | 28966635 |

റസീപ്റ്റ് ആന്റ് പേയ്മെന്റ് സേറ്റേറ്റ്മെന്റ് പ്രകാരം

## 1-5 ഫണ്ട് വിനിയോഗം 2015-2016

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 3802756 | 1963532 | 5766288 | 5766288 | 0 | 100% |
| വികസനഫണ്ട് എസ്.സി.പി. | 157081 | 1996502 | 2153583 | 2153583 | 0 | 100% |
| വികസനഫണ്ട് ടി.എസ്.പി. | 0 | 5000 | 5000 | 5000 | 0 | 100% |
| സംരക്ഷണഗ്രാന്റ് റോഡ് | 2141443 | 18684578 | 20826021 | 20826021 | 0 | 100% |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 1704642 | 1947520 | 3652162 | 3652162 | 0 | 100% |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 2135475 | 8163296 | 10298771 | 10298771 | 0 | 100% |
| പെർഫോമൻസ് ഗ്രാന്റ് | 3826189 | 3774443 | 7600632 | 7600632 | 0 | 100% |
| എം.എൻ.ആർ.ഇ. ജി.എസ്. | 43643 | 270162 | 313805 | 313282 | 523 | 100% |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 2015-2016 | 202 | 76428649 | 162 | 54216418 | 1 | 39 | 84 |

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | 2014-15 | 2015-2016 | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 2395235 | 3354438 | 959203 | +40% |
| നികുതിയേതര വരവുകൾ | 2031380 | 1999406 | 31974 | (-)1.57% |
| മറ്റുവരവുകൾ | 0 | 0 | | |
| ആകെ | 4426615 | 5353844 | 927229 | +20.95 |

2015-16 വർഷത്തിൽ ഗ്രാമപഞ്ചായത്തിന് 100% നികുതി പിരിവ് ലക്ഷ്യം കൈവരിക്കുവാൻ സാധിച്ചിട്ടില്ല.

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | | |
|---|---|---|
| തൊഴിൽരഹിത വേതനം | 196200 | 132 |
| കർഷകതൊഴിലാളി പെൻഷൻ | 2702400 | 666 |
| വിധവാപെൻഷൻ | 7030400 | 1206 |
| വാർദ്ധക്യകാലപെൻഷൻ | 6820800 | 1683 |
| വികലാംഗപെൻഷൻ | 1579300 | 294 |
| വിവാഹധനസഹായം | 340000 | 14 |
| 50 വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 142400 | 27 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 10-11-2106ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 45657-രൂപ

ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം.

പഞ്ചായത്തിന്റെ ദൈനംദിന പ്രവർത്തനങ്ങളുടെ സുഗമമായ നടത്തിപ്പിനും, പൊതുജനങ്ങൾക്ക് സാമസമില്ലാതെ സേവനം ലഭിക്കുന്നതിനും സഹായകമായ വിധത്തിൽ ആഭ്യന്തര ഭരണനിയന്ത്രണ സംവിധാനങ്ങൾ കാര്യക്ഷമമായി നടപ്പാക്കേണ്ടതുണ്ട്. 1994ലെ കേരളാ പഞ്ചയത്ത് രാജ് നിയമത്തിലെ 180 വകുപ്പ് അനുസരിച്ച് സർക്കാർ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുന്നതോടൊപ്പം തന്നെ പ്രാദേശിക സർക്കാരിന്റെ ഭാഗമായ ജീവനക്കാർ എന്ന നിലയിലുള്ള ഔദ്യോഗിക ചുമതലകളുടെ നിർവ്വഹണവും ജീവനക്കാരുടെ ചുമതലയാണ്. ഓഫീസ് ഓർഡർ ബുക്ക് പ്രകാരം ജോലിവിഭജനം നടത്തിയിട്ടുണ്ട്. ജീവന ക്കാരുടെ പ്രതിമാസ യോഗങ്ങൾ ചേരുന്നുണ്ട്. രേഖകളുടേയും രജിസ്റ്ററുകളുടേയും തയ്യാറാക്കലും സൂക്ഷിപ്പും കൂടുതൽ കാര്യക്ഷമ മാവേണ്ടതുണ്ട്. നിർവ്വഹണ ഉദ്യോഗസ്ഥന്മാർ മുഖേനയുള്ള പദ്ധതിനടത്തിപ്പിൽ ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങളുടെ ആഭാവം ഓഡിറ്റിൽ ശ്രദ്ധയിൽപെടുകയുണ്ടായി

പഞ്ചായത്തിൽ വിവിധ തസ്തികകളിൽ വിവിധകാലയളവുകളിൽ സേവനമനുഷ്ഠിച്ചവരുടെ പേര്,വിലാസം,സേവനകാലയളവ്, സ്ഥലം മാറ്റ വിവരം, എന്നിവ രേഖപെടുത്തുന്ന ഇൻകുബൻസി രജിസ്റ്ററും, ഓഡിറ്റ് റിക്കവറി റജിസ്റ്ററും തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 24-10-2016 മുതൽ 25-10-2016 വരെ | 01-08-16 മുതൽ 30-09-16വരെ | റിപ്പോർട്ട് ലഭിച്ചിട്ടില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 06-02-2010 മുതൽ 18-12-2010വരെ | 2005-06 മുതൽ 2009-10വരെ | 22-01-2011 |

## 1-12 ഗ്രാമസഭ

കേരളാ പഞ്ചായത്ത് രാജ് ആക്റ്റ്, വകുപ്പ് 3 അനുസരിച്ച് മൂന്നു മാസത്തിലൊരിക്കലെങ്കിലും ഗ്രാമസഭകൾ സമ്മേളിക്കേണ്ടതുണ്ട് എന്നാൽ ഗ്രാമപഞ്ചായത്തിൽ 2015-16 വർഷത്തിൽ 3തവണ മാത്രമാണ് ഗ്രാമസഭകൾ സമ്മേളിച്ചിട്ടുള്ളത്. ഇതിൽ കരുണാപുരം, എരുവാട്ടി ഗ്രാമസഭകൾ 5/2015, 03/2016 മാസങ്ങളിൽ മാത്രമാണ് ചേർന്നത്. ഗ്രാമഭകൾ യഥാസമയം വിളിച്ച ചേർക്കുന്നനതിനാവിശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഗ്രാമസഭകൾ ക്വൊറം തികയുന്നില്ല. മിക്കവാറും എല്ലാ ഗ്രാമസഭകളും ക്വൊറം തികയാതെ യോഗം ചേരുകയും തീരുമാനം എടുക്കുകയും ചെയ്യുന്നുണ്ട്. ക്വൊറം തികയാതെ സമ്മേളിക്കുന്ന ഗ്രാമസഭകൾ അസാധുവാണ് . ക്വൊറം തികയാതെ സമ്മേളിച്ച ഏതാനും ഗ്രാമസഭകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വാർഡ് നമ്പർ/പേര് | വോട്ടർമാരുടെ എണ്ണം | ക്വാറം | ഗ്രാമസഭ ചേർന്ന തീയതി | പങ്കെടുത്തവർ |
|---|---|---|---|---|---|
| 1 | 12ശാന്തിഗിരി | 1289 | 129 | 28-05-2015 | 121 |
| | | | | 25-07-2015 | 113 |
| | | | | 01-03-2016 | 120 |
| 2 | 17 എടക്കേം | 1558 | 156 | 31-05-2015 | 145 |

| | | | | | |
|---|---|---|---|---|---|
| | | | | 02-08-2015 | 141 |
| | | | | 04-03-2016 | 139 |
| 3 | 3കരിങ്കയം | 1181 | 118 | 03-05-2015 | 101 |
| | | | | 04-08-2015 | 118 |

ഗ്രാമസഭകളിൽ കൂടുതൽ ജനപങ്കാളിത്തം ഉറപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ നികുതി നിർണ്ണയിച്ചതിൽ കുറവ് 6748/- രൂപ വരവ് നഷ്ടം

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5)പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ 4-ാം ചട്ടം 1 ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ മാത്രമേ വെവ്വെറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിട ഭാഗത്തിനും പ്രത്യേക വസ്തുനികുതി ചുമത്തേണ്ടതുള്ളൂ എന്നും, തദ്ദേശ സ്വയഭരണ (ആർ.ഡി) വകുപ്പിന്റെ 4.1.2011 ലെ സ.ഉ(അ)നമ്പർ 19/2011 തസ്വഭവ ഉത്തരവ് പ്രകാരം 100 ച.മീറ്ററിൽ കൂടുതലുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് 50 രൂപ നിരക്കിൽ ഈടാക്കണമെന്നും,കൂടാതെ പഞ്ചായത്ത് ഭരണസമിതിയുടെ 27.5.13 തീയ്യതിയിലെ തീരുമാന നമ്പർ 69/13 പ്രകാരം 100 ച.മീറ്ററിനു മുകളിൽ വിസ്തീർണ്ണമുള്ള വാണിജ്യ ആവശ്യത്തിനുള്ള കെട്ടിടങ്ങളിൽ നിന്നും 50 രൂപ നിരക്കിൽ നികുതി ഈടാക്കണമെന്നും തീരുമാനിച്ചിട്ടുണ്ട്.എന്നാൽ 2015-16 വർഷം പഞ്ചായത്തിൽ ഒരേ ഉടമസ്ഥതയിലുള്ള ആളിന്റെ ഒരേ സമയം നികുതി നിർണ്ണയിച്ച വാണിജ്യ ആവശ്യത്തിനായി ഉപയോഗിക്കുന്ന 100ച.മീറ്ററിൽ കൂടുതലുള്ള കെട്ടിടത്തിന്റെ ഓരോ ഭാഗത്തിനും വിവിധ നമ്പറുകൾ നല്കി 100ച.മീറ്ററിൽ കുറവുള്ള വാണിജ്യ ആവശ്യത്തിനുള്ള കെട്ടിടങ്ങളുടെ നികുതി നിരക്കായ 40 രൂപയാണ് ഈടാക്കിയിരിക്കുന്നത്. വിശദ വിവരം ചുവടെ

| കെട്ടിട ഉടമയുടെ പേര് | കെട്ടിട നമ്പർ | വിസ്തീർണ്ണം (ച.മീ) | നിർണ്ണയിച്ച നികുതി @40 | ഈടാക്കിയ നികുതി/ രശീത് നമ്പർ | നിർണ്ണയിക്കേണ്ടിയിരുന്ന നികുതി @50, | ഈടാക്കേണ്ട നികുതി | കുറവ് |
|---|---|---|---|---|---|---|---|
| ഓലിയന്റകത്ത് വളപ്പിൽ മുഹമ്മദ് കുഞ്ഞി, ചപ്പാരപ്പട് | 16/206 A1 | 17.28m$^2$ | 17.28x40=691.20+ 138.24 (20%വർദ്ധനവ്) =830+42=872 (5%ലൈബ്രറി സെസ്സ്) | 872 1150310916/ 03-09-2015 | 17.28x50 = 864+173 (20%വർദ്ധനവ്) = 1037+52= 1089 (5%ലൈബ്രറി സെസ്സ്) | 1089 | 217 |
| | 16/206 B | 17.28m$^2$ | 17.28x40=691.20+ 138.24 (20%വർദ്ധനവ്) =830+42=872 | 872 1150310917/ 03-09-2015 | 17.28x50 = 864+173 (20%വർദ്ധനവ്) = 1037+52= | 1089 | 217 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | (5%ലൈബ്രറി സെസ്സ്) | | 1089 (5%ലൈബ്രറി സെസ്സ്) | | |
| | 16/206 C | 14.02m$^2$ | 14.02x40= 561+112 (20%വർദ്ധനവ്) =673+34=707 (5%ലൈബ്രറി സെസ്സ്) | 707 1150310918/ 03-09-2015 | 14.02x50= 701+140 (20%വർദ്ധനവ്) =841+42= 883 (5%ലൈബ്രറി സെസ്സ്) | 883 | 176 |
| | 16/206 D | 51.68m$^2$ | 51.68x40= 2067+413 (20%വർദ്ധനവ്) =2480+124=2604 (5%ലൈബ്രറി സെസ്സ്) | 2604 1150310919/ 03-09-2015 | 51.68x50= 2584+517 (20%വർദ്ധനവ്) =3101+155= (5%ലൈബ്രറി സെസ്സ്) | 3256 | 650 |
| കൊഴമ്മൽ രാമ്പേത്ത് ഗംഗാധരൻ, പെരുമ്പടവ് | 1/435A | 45.49m$^2$ | 45.49x40= 1819.6+363.92 (20%വർദ്ധനവ്) =2184+110=2294 (5%ലൈബ്രറി സെസ്സ്) | 2294 1150310249/ 26-09-2015 | 45.49x50= 2275+455 (20%വർദ്ധനവ്) =2730+137=2867 (5%ലൈബ്രറി സെസ്സ്) | 2867 | 573 |
| | 1/435B | 51.51m$^2$ | 51.51x40= 2060.4+412.08 (20%വർദ്ധനവ്) =2473+124=2597 (5%ലൈബ്രറി സെസ്സ്) | 2597 1150310247/ 26-09-2015 | 51.51x50= 2576+515 (20%വർദ്ധനവ്) =3091+156= 3247 (5%ലൈബ്രറി സെസ്സ്) | 3247 | 650 |
| | 1/435C | 113.50m$^2$ | 113.50x40= 4540+908 (20%വർദ്ധനവ്) =5448+273= 5271 (5%ലൈബ്രറി സെസ്സ്) | 5271 1150310250/ 26-09-2015 | 113.50x50= 5675+1135 (20%വർദ്ധനവ്) =6810+341= (5%ലൈബ്രറി സെസ്സ്) | 7150 | 1429 |
| പയ്യൻവളപ്പിൽ ശ്രീജ, ശാന്തി ഗിരി | 12/330A | 60.9m$^2$ | 60.9x40= 2436+488 (20%വർദ്ധനവ്) =2924+147= | 3071 25055/96 04-12-2015 | 60.9x50= 3045+609 (20%വർദ്ധനവ്) =3654+183 | 3837 | 766 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | 3071<br>(5%ലൈബ്രറി സെസ്സ്) | | =3837<br>(5%ലൈബ്രറി സെസ്സ്) | | |
| | 12/330B | 60.55m$^2$ | 60.55x40=<br>2422+485<br>(20%വർദ്ധനവ്)<br>=2907+146<br>=3053<br>(5%ലൈബ്രറി സെസ്സ്) | 3053<br>25055/96<br>04-12-2015 | 60.55x0=<br>3028+606<br>(20%വർദ്ധനവ്)<br>=3634+182<br>=3816<br>(5%ലൈബ്രറി സെസ്സ്) | 3816 | 763 |
| | 12/330C | 22.61m$^2$ | 22.61.x40=<br>905+181<br>(20%വർദ്ധനവ്)<br>=1086+55 =<br>1141<br>(5%ലൈബ്രറി സെസ്സ്) | 1141<br>25055/96<br>04-12-2015 | 22.61x50=<br>1131+226<br>(20%വർദ്ധനവ്)<br>=1357+68<br>=1425<br>(5%ലൈബ്രറി സെസ്സ്) | 1425 | 284 |
| | 12/330D | 22.61m$^2$ | 22.61x40=<br>905+181<br>(20%വർദ്ധനവ്)<br>=1086+55<br>=1141<br>(5%ലൈബ്രറി സെസ്സ്) | 1141<br>25055/97<br>04-12-2015 | 22.61x50=<br>1131+226<br>(20%വർദ്ധനവ്)<br>=1357+68<br>=1425<br>(5%ലൈബ്രറി സെസ്സ്) | 1425 | 284 |
| | 12/330E | 16.46m$^2$ | 16.46x40=<br>657+131<br>(20%വർദ്ധനവ്)<br>=788+40=829<br>(5%ലൈബ്രറി സെസ്സ്) | 828<br>25055/97<br>04-12-2015 | 16.46x50=<br>823+165<br>(20%വർദ്ധനവ്)<br>=988+49 =<br>(5%ലൈബ്രറി സെസ്സ്) | 1037 | 209 |
| | 12/330F | 21.12 | 21.12x40=<br>845+169<br>(20%വർദ്ധനവ്)<br>=1014+51=1065<br>(5%ലൈബ്രറി സെസ്സ്) | 106525055/97<br>04-12-2015 | 21.12x50=<br>1056+211<br>(20%വർദ്ധനവ്)<br>=1267+63=<br>1330<br>(5%ലൈബ്രറി സെസ്സ്) | 1330 | 265 |
| | 12/330G | 21.12m$^2$ | 21.12x40=<br>845+169<br>(20%വർദ്ധനവ്)<br>=1014+51=<br>1065 | 1065<br>25055/97<br>04-12-2015 | 21.12x50=<br>1056+211<br>(20%വർദ്ധനവ്)<br>=1267+63=<br>1330 | 1330 | 265 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | (5%ലൈബ്രറി സെസ്സ് | | (5%ലൈബ്രറി സെസ്സ് | | |
| | | | | | ആകെ കുറവ് | | 6748 |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി സ്ലീപ്പ് 21/16.11.16 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.വസ്തു നികുതിയിനത്തിൽ കുറഞ്ഞ നിരക്കിൽ ഈടാക്കിയതുമൂലമുണ്ടായ നഷ്ടം ഉത്തരവാദിയായവരിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ വരവ് വെയ്ക്കേണ്ടതാണ്. ആവർത്തന നഷ്ടം എന്ന നിലയിൽ വരുമാന ചോർച്ച ഭരണസമിതി ശ്രദ്ധയിൽപെടുത്തുന്നു.

## 2-2 സ്ഥാപന തൊഴിൽ നികുതി ഈടാക്കുന്നില്ല

2015-16 വർഷത്തെ തൊഴിൽ നികുതി വരവ് പരിശോധിച്ചതിൽ താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

| സ്ഥാപനത്തിന്റെ പേര് | ഒന്നാം അർദ്ധവർഷം | രണ്ടാം അർദ്ധവർഷം |
|---|---|---|
| തടിക്കടവ് സർവ്വീസ് സഹകരണ ബാങ്ക് | ,, | ,, |
| എം.എച്ച്.ഹോസ്പിറ്റൽ,ചപ്പാരപ്പടവ് | ,, | ,, |
| ചെട്ടിയാകുന്നേൽ ഫെർട്ടിലൈസേർസ് | ,, | ,, |
| പെരുമ്പടവ് കള്ള് ഷാപ്പ് TS NO 16 | ,, | ,, |

മേൽ പറഞ്ഞ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന നികുതി ഈടാക്കാത്തതിന്റെ കാരണം വിശദമാക്കാൻ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി സ്ലീപ്പ്6/10.11.16ന്സ്ഥാപനങ്ങളുടെ നികുതി ഈടാക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ് എന്ന മറുപടിയാണ് ലഭ്യമാക്കിയത്.മേൽ പറഞ്ഞ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന നികുതി ഈടാക്കിപഞ്ചായത്ത് ഫണ്ടിൽ വരവ് വെയ്ക്കേണ്ടതാണ്.

## 2-3 തുക ഒടുക്കിയതിൽ കുറവ്

1.4.2015മുതൽ 6.11.16 വരെയുള്ള രശീത് പരിശോധിച്ചതിൽ 19/5/16 ലെ day ബുക്ക് പ്രകാരം 595 രൂപ പിരിവ് ഉണ്ടെങ്കിലും, കുവേരി സർവ്വീസ് സഹകരണ ബാങ്കിന്റെ (അക്കൗണ്ട് നമ്പർ 1337)പാസ്സ് ബുക്കിൽ 83 രൂപ കുറച്ച് 512രൂപ മാത്രമാണ് അടവാക്കിയിട്ടുള്ളത്. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ നമ്പർ 16/15.11.16 ന് മറുപടി ലഭ്യമാക്കിയതിൽ ബാങ്കിൽ ഒടുക്കാൻ ബാക്കിയുള്ള 83 രൂപ അടവാക്കുന്നതാണ് എന്ന മറുപടിയാണ് ലഭിച്ചത്.മേൽ തുക ബാങ്കിൽ ഒടുക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-4 ഡി&ഓ ലൈസൻസ് ഫീസ് ഈടാക്കിയതിൽ കുറവ് -650 രൂപ വരവ് നഷ്ടം

2015-16 വർഷത്തെ ഡി&ഓ ലൈസൻസ് വരവ് പരിശോധിച്ചതിൽ താഴെ പറയുന്നവരിൽ നിന്നും ഡി&ഓ ലൈസൻസ് ഫീ ഈടാക്കിയതിൽ കുറവ് കാണുന്നു.

| അപേക്ഷന്റെ പേര് | സ്ഥാപനത്തിന്റെ സ്വാഭാവം/വർഷം | ദൈനംദിന ശരാശരി വിറ്റുവരവ്/എച്ച്.പി | ഈടാക്കേണ്ട ഫീസ് | ഈടാക്കിയത് /രശീത് നമ്പർ | കുറവ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| കപ്യാർ വളപ്പിൽ ഈസാൻ, ചപ്പാരപ്പടവ് | ഓയിൽ ഫ്ളോർ മിൽ നടത്തുന്നതിന് | 10എച്ച്.പി | 100 | 50, 11503104503/ 22.3.16 | 50 |
| സെക്രട്ടറി ചപ്പാരപ്പടവ്,റബർ മാർക്കറ്റിംഗ് സൊസൈറ്റി | റബർ വ്യാപരം | ₹10000 | 200 | 100, 11503104888/ 31.3.16 | 100 |
| ടി.കെ.ജെയിംസ്, വായാട്ടുമ്പ് | അനാദി സാധനങ്ങൾ സ്റ്റോക്ക് ചെയ്യുന്നതിനുവേണ്ടി | ₹20000 | 500 | 100, 11503102980/ 5.12.16 | 400 |
| ബിജു ടി.സി, എടക്കോം | റബർ വ്യാപാരം | ₹10000 | 200 | 100, 11503101454/ 29.7.16 | 100 |
| ആകെ | | | | | 650 |

മേൽ പറഞ്ഞവരിൽ നിന്നും ഡി&ഓ ലൈസൻസ് ഫീ കുറച്ച് ഈടാക്കാനുണ്ടായ കാരണം വിശദമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 11/14-11-16 ന് ലഭ്യമാക്കിയ മറുപടിയിൽ ഡി&ഓ ലൈസൻസ് ഫീ ഇനത്തിൽ കുറവു വന്ന തുക ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ഡി&ഓ ലൈസൻസ് ഫീ കുറച്ച് ഈടാക്കിയ മേൽ പറഞ്ഞവരിൽ നിന്നും തുക ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ വരവ് വെയ്ക്കേണ്ടതാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 അധിക ശമ്പളം നൽകിയത്- തുക 4000/- രൂപ നിരാകരിക്കുന്നു.

പഞ്ചായത്തിലെ ഹെഡ് ക്ലാർക്കായ ശ്രീമതി മേരി ഗ്രേസ്.കെ എന്നവർക്ക് ജൂൺ മാസത്തെ ശമ്പളം നൽകിയതിൽ അപാകത കാണുന്നു. ആലപ്പുഴ ജില്ലയിലെ കുത്തിയാത്തോടു ഗ്രാമപഞ്ചായത്തിൽ നിന്നും സ്ഥലം മാറ്റം ചെയ്യപ്പെട്ട ജീവനക്കാരി 06-06-2016ന് ചപ്പാരപ്പടവ് പഞ്ചായത്തിൽ ജോലിയിൽ പ്രവേശിച്ചിട്ടുണ്ട്. 01-06-2016 ലെ ശമ്പളം മുൻ പഞ്ചായത്തിൽ നിന്ന് നൽകിയതായി എൽ.പി.സി.യിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഇതു പ്രകാരം 16580/- രൂപ അടിസ്ഥാന ശമ്പളമുള്ള ജീവനക്കാരിക്ക് 2015ജൂൺ മാസത്തിൽ അർഹതപ്പെട്ട ശമ്പളം താഴെ കൊടുക്കുന്നു.

അടിസ്ഥാന ശമ്പളം : 16027/- (02/06/2015 to 30-06-2016 )

ക്ഷാമബത്ത : 12822/-
വീട്ടു വാടക : 242/-
ആകെ : 29091/-

ശമ്പളത്തിൽനിന്നും കുറവ് വരുത്തേണ്ട തുക

ഇ.പി.എഫ് : 6000/-
ഇ.പി.എഫ് വായ്പ : 2080/-
ജി.ഐ.എസ് : 200/-

എസ്.എൽ.ഐ : 225/-
എൽ.ഐ.സി പ്രീമിയം : 301/-
ആകെ : 8806/-

ജീവനക്കാരിക്ക് നൽകേണ്ട ശമ്പളം = 29091/-( -) 8806/- = 20285/- ഇതു പ്രകാരം ശമ്പള ബില്ലിന്റെ പട്ടിക തയ്യാറാക്കിയിട്ടുണ്ട്. എന്നാൽ ഇതോടനുബന്ധിച്ച് തയ്യാറാക്കിയ വൗച്ചർ നം. 21500222 തീയതി 15-07-2015 പ്രകാരം ജീവനക്കാർക്ക് നൽകിയിട്ടുള്ളത് 24285/- രൂപയാണ്. ശമ്പള വിതരണ രജിസ്റ്റർ പരിശോധിച്ചതിൽ 24285/- രൂപ ശമ്പളം ടിയാരി കൈപ്പറ്റിയതായും കണ്ടെത്തിയിട്ടുണ്ട്. 4000/- രൂപ (24285/-(-) 20285/- = 4000/- രൂപ) ടിയാരിക്ക് അധികം നൽകിയതിനുള്ള കാരണം വ്യക്തമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് 11-11-2016ന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.7)ഓഡിറ്റ് തീയതിവരെ മറുപടി ലഭ്യമാക്കിയിട്ടില്ല. അതിനാൽ തുക 4000/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. തുക പലിശ സഹിതം തിരിച്ചീടാക്കേണ്ടതാണ്.

## 3-2 ചപ്പാരപ്പടവ് പി.എച്ച്.സി.ക്ക് പാലിയേറ്റീവ് ഉപകരണങ്ങൾ സൂക്ഷിക്കുന്നതിനുള്ള സ്റ്റോർ റൂം നിർമ്മാണം അധികചെലവ് -15024/-രൂപ നിരാകരിക്കുന്നു.

പ്രോജക്ട്നമ്പർ/പേര്- -192/15,167/16ചപ്പാരപ്പടവ് പി.എച്ച്.സി.ക്ക് പാലിയേറ്റീവ് ഉപകരണങ്ങൾ സൂക്ഷിക്കുന്നതിനുള്ള സ്റ്റോർ റൂം നിർമ്മാണം
അടങ്കൽ- 6,00,000 ധനകാര്യ കമ്മീഷൻ ഗ്രാന്റ്,
ബിൽ നമ്പർ :25/18-12-2015-₹ 2,80,453 (പാർട്ട് ബിൽ ഹാജരാക്കിയിട്ടില്ല)
കൺവീനറുടെ പേര് : അബൂബക്കർ.എ
എം.ബുക്ക് - :70/14-15,03/15-16
എഗ്രിമെന്റ് AE/CGP/70/2014-15തീയതി 07-01-2015
മേൽ പ്രോജക്ടിന്റെ ആകെ പ്രവൃത്തിയുടെ മൂല്യം ₹536210 .ഇത് പ്രകാരം കൺവീനർക്ക് അനുവദിക്കാവുന്ന തുക ₹525486 യാണ് വിശദവിവരം ചുവടെ ചേർക്കുന്നു.

| ഇനം | അനുവദിക്കാവുന്നത് | അനുവദിച്ചത് | | അധികം നല്കിയത് |
|---|---|---|---|---|
| | | പാർട്ട് ബിൽ | ഫൈനൽ ബിൽ | |
| ആകെ പ്രവൃത്തിയുടെ മൂല്യം | 536210 | 285805 | 250405 | |
| +വാറ്റ് 5% | 26810 | 14290 | 12520 | |
| +നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം | 5362 | 2858 | 2504 | |
| ആകെ | 568382 | 302953 | 265429 | |
| - ആദായ നികുതി | 10724 | 5716 | 5008 | |
| -വാറ്റ് 5% | 26810 | 14290 | 12520 | |
| -നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം | 5362 | 2858 | 2504 | |
| കൺവീനർ | 525486 | 280089 | 260421 | 15024 |

അധികം നല്കിയ തുക 15024 /- പലിശ സഹിതം കൺവീനറിൽ നിന്ന് ഈടാക്കേണ്ടതാണ്

## 3-3 എരുവാട്ടി കുടിവെള്ള പദ്ധതി അധികചെലവ് -464/- നിരാകരിക്കുന്നു

പ്രോജക്റ്റ്നമ്പർ/പേര് -49/16എരുവാട്ടി കുടിവെള്ള പദ്ധതി.
അടങ്കൽ - 4,50,000 ധനകാര്യ കമ്മീഷൻ ഗ്രാന്റ്,
ബിൽ നമ്പർ -106/31-03-2016-₹ 379475
കൺവീനറുടെ പേര് - ചന്ദ്രൻ.കെ.
എം.ബുക്ക് -61/15-16
മേൽ പ്രവൃത്തിയിൽ താഴെ കാണുന്ന അപാകതകൾ കാണുന്നു.

1- പ്രവൃത്തിയുടെ ഇനം നമ്പർ 5 Reinforcement for RCC item including cost of materials and labour charges fo cutting, bending, tying and placed position etc. complete എന്ന ഇനം പ്രവൃത്തിക്കാവശ്യമായ കമ്പിയുടെ അളവിന്റെ മെഷർമെന്റ് എം ബുക്ക് പേജ് നമ്പർ 8 പ്രകാരം 60.034 കി.ഗ്രാം ആണ്. എന്നാൽ എം ബുക്ക് പേജ് നമ്പർ 23ൽ തെറ്റായി 66.034 എന്ന് രേഖപ്പെടുത്തിയതിനാൽ 6കി.ഗ്രാം കമ്പിയുടെ വില ₹77.27 പ്രകാരം ₹464 അധികം നല്കിയിട്ടുണ്ട്.

2- പ്രസ്തുത പ്രവൃത്തിയിൽ 10000 ലിറ്റർ കപ്പാസിറ്റിയുള്ള വാട്ടർ ടാങ്ക് സ്ഥാപിക്കുന്നതിനാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയതെങ്കിലും 5000 ലിറ്റർ ടാങ്കാണ് സ്ഥാപിച്ചത്. എസ്റ്റിമേറ്റ് വ്യതിയാനം വരുത്തിയതിന് കാരണം വിശദീകരിച്ചിട്ടില്ല.

അധികം നൽകി 464 രൂപ കൺവീനറിൽ നിന്ന് പലിശ സഹിതം തിരിച്ച് ഈടാക്കേണ്ടതാണ്.

## 3-4 ഗവ .എൽ .പി .തലവ് സ്കൂൾ കെട്ടിടംറിപ്പയർ -പ്രവർത്തി അപാകതകൾ

നിർവഹണം : അസിസ്റ്റൻറ് എഞ്ചിനീയർ
പ്രൊജക്ട് നമ്പർ :SO. 187/16
വകയിരുത്തിയതുക :152000 വികസന ഫണ്ട്
:3,00,000 തനത് ഫണ്ട്
: 1,37,000 മെയിന്റനൻസ് ഗ്രാൻറ്
ആകെ : 5,39,000
കൺവീനർ :ശ്രീ.എം .വി .ഗോപി
എം ബുക്ക് നം :122/14
എഗ്രി നം :AE/CGP/105/14-15,തീ;5-03-15
ആകെ പ്രവൃത്തി മൂല്യം :501340
കൺവീനർക്ക് അനുവദിച്ച തുക :4,91,313
വൗച്ചർ നം17/29-10-2015
മേൽ പ്രവർത്തിയുടെ ഫയൽ പരിശോധിച്ചതിൽ നിന്നും കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) സംസ്ഥാന ആസൂത്രണ ബോർഡ് 1999 ൽ പ്രസിദ്ധീകരിച്ച ഗുണഭോക്തൃസമിതി മാർഗ രേഖ പ്രകാരം പ്രവർത്തി നടത്തുന്നതിനാവശ്യമായ നിർമ്മാണ സാധനങ്ങൾ അവ ലഭ്യമായ സ്ഥലങ്ങളിൽ പോയി ഗുണനിലവാരവും വിലയും പരിശോധിച്ച് താരതമ്യ പഠനം നടത്തി ന്യായവും സ്വീകാര്യവുമായ വിലയ്ക്ക് ഗുണഭോക്തൃസമിതിയുടെ അംഗീകാരത്തിനു വിധേയനായാണ് വാങ്ങേണ്ടത്. വ്യക്തികളിൽനിന്നായാലും സ്ഥാപനത്തിൽ നിന്നായാലും സാധനങ്ങളുടെ അളവ്, നിരക്ക്, മൊത്തം വില തീയ്യതി എന്നിവ രേഖപ്പെടുത്തിയ ക്യാഷ് ബില്ലോ, രശീതിയോ വാങ്ങേണ്ടതാണ്. എന്നാൽ ഇത്തരത്തിലുള്ള രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

2) മിനുട്സ് ബുക്ക്, എഴുതി സൂക്ഷിച്ചില്ല

3) സ്കൂൾ കെട്ടിടം പൊളിച്ചപ്പോൾ ലഭ്യമായ സാധന സാമഗ്രികളുടെ വിവരം എം ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല.

മേൽ അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുന്നതിനു വേണ്ടി 15-11-2016ന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് വ്യക്തമായ വിശദീകരണം

ലഭ്യമാക്കേണ്ടതാണ്.

## 3-5 അനുബന്ധ രേഖകൾ ഹാജരാക്കിയില്ല-712263/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

പ്രവൃത്തിയുടെ പേര് : ചപ്പാരപ്പടവ് ഗ്രാമപഞ്ചായത്തിന്റെ ഓഫീസ് കെട്ടിടത്തിന്റെ രണ്ടാം നിലയിലുള്ള സാംസ്കാരിക നിലയത്തിന്റെയും ആർട്ട് ഗ്യാലറിയുടെയും പൂർത്തീകരണം.

നിർവ്വഹണം :അസിസ്റ്റന്റ് എഞ്ചിനീയർ

പ്രൊജക്ട് നമ്പർ :S0.16 8/16

വകയിരുത്തിയതുക :745474 വികസന ഫണ്ട്

: 4526 തനത് ഫണ്ട്

കൺവീനർ :ശ്രീ.ജലീൽ .പി.സി

എം ബുക്ക് നം :82/14-15

ആകെ പ്രവൃത്തി മൂല്യം :6,71,947/-

ചെലവ് തുക :712263/- ബിൽ നമ്പർ 3/17-07-15

കൺവീനർ മുഖാന്തിരം നടപ്പിലാക്കിയ മേൽ പ്രവർത്തിയുടെ ഫയലിൽ എം ബുക്ക്, എസ്റ്റിമേറ്റ്, പ്രൊജക്ട് എന്നിവ മാത്രമാണ് പരിശോധനയ്ക്കായി ഹാജരാക്കിയിട്ടുള്ളത്. ഗുണഭോക്തൃ സമിതിയുടെ മിനുട്ട്സ്, ചെലവ് വൗച്ചറുകൾ, എഗ്രിമെന്റ് തുടങ്ങിയ രേഖകൾ പരിശോധനയ്ക്കായി ഹാജരാക്കാത്തതിനാൽ കൺവീനർക്കനുവദിച്ച മുഴുവൻ തുകയുായ 712263 ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കാത്ത വിഷയം ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിൽപെടുത്തുന്നു.

## 3-6 മീഡിയശ്രീ പദ്ധതി- രേഖകളും വിനിയോഗ സാക്ഷ്യപത്രവും ഹാജരാക്കിയില്ല – തുക 65000/- രൂപ തടസ്സപ്പെടുത്തുന്നു

പ്രൊജക്ട് നമ്പർ : S0191/16

പ്രൊജക്ടിന്റെ പേര് : മീഡിയശ്രീ പദ്ധതി തുക കൈമാറൽ
നിർവഹണം : സെക്രട്ടറി

അടങ്കൽ : 65,000/- (വികസനഫണ്ട്)

ബിൽ നം./ തീയതി : 36/23-3-16

തദ്ദേശ ഭരണസ്ഥാപനങ്ങളുടെ സമഗ്ര ചരിത്രം പ്രതിപാദിക്കുന്ന ഡോക്യുമെന്റേഷൻ തയ്യാറാക്കുന്നതിനു വേണ്ടിയുള്ള തുക കൈമാറൽ എന്ന മേൽ പദ്ധതിയുടെ ഭാഗമായി 65,000/- രൂപ ബിൽ പ്രകാരം പിൻവലിച്ചിട്ടുണ്ട്. എന്നാൽ തുക ആർക്ക് കൈമാറി എന്നതിന്റെ രേഖകൾ, കൈപ്പറ്റ് രശീതി, വിനിയോഗ സാക്ഷ്യപത്രം, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ആയവ ഓഡിറ്റിൽ പരിശോധനയ്ക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് 14-11-2016 നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.12) മറുപടി ലഭ്യമാക്കിയിട്ടില്ല. അതിനാൽ തുക 65,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-7 ഗ്രാമ കേന്ദ്രത്തിലേക്ക് ഫർണിച്ചർ– അനുബന്ധരേഖകൾ

**ഹാജരാക്കിയില്ല.തുക 3,37,350/- രൂപ തടസ്സപ്പെടുത്തുന്നു**

നിർവഹണം : സെക്രട്ടറി

പ്രൊജക്ട് നമ്പർ : S0041/16

പ്രൊജക്ടിന്റെ പേര് : ഗ്രാമ കേന്ദ്രത്തിലേക്ക് ഫർണിച്ചർ വാങ്ങൽ

അടങ്കൽ : 3,37,350/-(ധനകാര്യ കമ്മീഷൻ ഗ്രാന്റ്)

ചെലവ് : 3,37,350/-

ബിൽ നം. & തീയതി : 18/18-12-2015, തുക 3,37,350/-

പഞ്ചായത്തിലെ ഗ്രാമകേന്ദ്രങ്ങളിലേക്ക് ഫർണിച്ചർ വാങ്ങുന്നതിനു വേണ്ടിയുള്ള മേൽ പദ്ധതിയുടെ ഭാഗമായി, ടെണ്ടർ ക്ഷണിച്ചതനുസരിച്ച് ലഭ്യമായ ടെണ്ടറുകളിൽ കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ഐഡിയൽ ഡിക്കോർ, തളിപ്പറമ്പ് എന്ന സ്ഥാപനത്തിൽ നിന്നും 3,37,350/- രൂപ ചെലവഴിച്ച് 18മേശ, 210 പ്ലാസ്റ്റിക്ക് കസേര, 18 സ്റ്റീൽ അലമാര എന്നിവ വാങ്ങി പഞ്ചായത്തിന്റെ സ്റ്റോക്കിൽ എടുത്ത് സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കിട്ടുണ്ടെങ്കിലും ഇവ ഗ്രാമ കേന്ദ്രങ്ങളിലേക്ക് ഇഷ്യൂ ചെയ്തിട്ടുള്ളതായി കാണിച്ചിട്ടില്ല. മാത്രമല്ല, തുക നൽകിയതിന്റെ ഡി.ഡിയുടെ കോപ്പി, ഫർണിച്ചറുകൾ അതാത് ഗ്രാമ കേന്ദ്രങ്ങളിലേക്ക് നൽകിയതിന്റെ കൈപ്പറ്റ് രശീതി, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ആയത് ഹാജരാക്കാൻ 14-11-2016 ന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.14) മറുപടി ലഭ്യമാക്കിയിട്ടില്ല. അതിനാൽ ചെലവഴിച്ച തുക 3,37,350/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-8 ആശ്രയ പദ്ധതി ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

പ്രോജക്ടിന്റെ പേര് : ഭവന നിർമ്മാണം ആശ്രയ

പ്രോജക്ട് : 31/16

അടങ്കൽ : 750000/-(വികസന ഫണ്ട്)

ബിൽ നം : 2/15-16,തുക 50,000/-തീയ്യതി 13.10.15

ബിൽ നം : 6/15-16,തുക 1,25,000/-തീയ്യതി 16.3.16

ബിൽ നം : 3/16-17, തുക 1,00,000/-തീയ്യതി

2015-16 വർഷം വി.ഇ.ഒ (തടിക്കടവ്)നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ ആശ്രയ പദ്ധതിയിൽ താഴെ പറയും പ്രകാരം തുക കൈപ്പറ്റിയ ഗുണഭോക്താവ് ഭവന നിർമ്മാണം പൂർത്തിയതായി കാണുന്നില്ല. വിശദ വിവരം താഴെ കൊടുക്കുന്നു.

| ഉപഭോക്താവിന്റെ പേര്, വിലാസം | അനുവദിക്കപ്പെട്ട തുക | അനുവദിച്ചത് | ബാക്കി |
|---|---|---|---|
| മുള്ളേൻ മടക്കൽ ദേവസ്യ, പടപ്പേങ്ങാട് | 2,00,000 | 1,75,000 | 25,000 |

മേൽ ഗുണഭോക്താക്കൾ എത്രയും പെട്ടെന്ന് ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-9 പട്ടികജാതി വിദ്യാർത്ഥികൾക്ക് ഫർണിച്ചർ സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല ₹278046 തടസ്സപ്പെടുത്തുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ -ഹെഡ് മാസ്റ്റർ

പ്രോജക്ട് നമ്പർ 145/16 പട്ടികജാതി വിദ്യാർത്ഥികൾക്ക് ഫർണിച്ചർ

ചെലവ് ₹2,78,046 വികസന ഫണ്ട്

ബിൽ നമ്പർ 7/26-02-2016 ₹99,487

8/26-02-2016 ₹1,78,559

മേൽ പ്രോജക്റ്റ് പ്രകാരം 75 മേശ, @₹3,222.75, കസേര@₹492 എന്നിവ ഫിഡ്കോ എന്റർപ്രൈസസ്, കോഴിക്കോട് എന്ന സ്ഥാപനത്തിൽ നിന്ന് വാങ്ങിയിട്ടുണ്ട്. എന്നാൽ കുറഞ്ഞ നിരക്കിൽ ക്വാട്ട് ചെയ്ത ചൈതന്യാ ഹോം അപ്ലയൻസ് കുറുമാത്തൂർ എന്ന സ്ഥാപനത്തിന്റെ ടെണ്ടർ നിരസിച്ചതിന്റെ കാരണം രേഖപ്പെടുത്തിയിട്ടില്ല. (മേശ ലൈറ്റ് 2700,മീഡിയം 3000) (കസേര സെല്ലോ ലിബർട്ടി 488 ഫ്രണ്ട്ലി ഹെറിട്ടേജ് 470) പ്രൊക്യൂർമെന്റ് കമ്മിറ്റി തീരുമാനം ഹാജരാക്കേണ്ടതാണ്. 71 കസേര, 71 മേശ, എന്നിവ വിതരണം ചെയ്തതിന്റെ രേഖകൾ മാത്രമാണ് ഹാജരാക്കിയത്.

ഇതിൽ കൊട്ടക്കനം എ.യു.പി.സ്കൂൾ, കൂവേരി, (8എണ്ണം) ചപ്പാരപ്പടവ് ഹയർ സെക്കന്ററി സ്കൂൾ ചപ്പാരപ്പടവ്(25എണ്ണം) എന്നീ സ്കൂളുകളിൽ മാത്രമാണ് സ്കൂളിന്റെ ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ വിതരണംചെയ്തത്. കൂടാതെ 38 പേരുടെ രക്ഷിതാക്കൾ കൈപ്പറ്റിയതായുള്ള ലിസ്റ്റ് ഹാജരാക്കിയിട്ടുണ്ടെങ്കിലും എത് സ്കൂൾ മുഖാന്തിരമാണ് വിതരണം ചെയ്തതെന്ന് വ്യക്തമല്ല. അവശേഷിക്കുന്ന 4 എണ്ണം ആർക്കാണ് വിതരണംചെയ്തത് എന്നതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. ആയത് ഹാജരാക്കേണ്ടതാണ്. ജി.ഒ.(എം.എസ്) 362/2013/ത.സ്വ.ഭ.വ. തീയതി 16-11-2013 അനുബന്ധം 16-6.8.3പ്രകാരം സ്കൂൾ അധികൃതർ നല്കുന്നലിസ്റ്റ് പ്രകാരം സ്കൂൾ അധികൃതർ മുഖാന്തിരം വിതരണം ചെയ്യണം, ഒരു വിദ്യാർത്ഥിക്ക് ഒരു പ്രാവിശ്യം മാത്രമാണ് വിതരണം ചെയ്യേണ്ടതെന്നും, മറ്റ് എജൻസികൾ നിന്ന് ഇതേ ആനുകൂല്യം നേടിയവർ അർഹരല്ല എന്നും വ്യക്തമാക്കിയിട്ടുണ്ടെങ്കിലും അക്കാര്യങ്ങൾ പരിശോധിക്കാതെയാണ് വിതരണം ചെയ്തത്. മാർഗ്ഗരേഖ പ്രകാരം പ്ലാസ്റ്റിക് കസേര വിതരണം അനുവദനീയമല്ല. ഇത് സംബന്ധിച്ച രേഖകൾ പിന്നീട് ഹാജരാക്കുന്നതാണെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിക്കുകയുണ്ടായി.(ഓഡിറ്റ് എൻക്വയറി നമ്പർ.19/ 15-11-2016)

മേൽ അപാകതകൾ കാരണം ₹2,78,046 ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-10 സമഗ്ര തുടർ വിദ്യാഭ്യാസ പദ്ധതി സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല ₹49244 തടസ്സപ്പെടുത്തുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ -ഹെഡ് മാസ്റ്റർ

പ്രോജക്റ്റ് നമ്പർ 133/16 സമഗ്ര തുടർ വിദ്യാഭ്യാസ പദ്ധതി

ചെലവ് ₹ 49,244 വികസന ഫണ്ട്

ബിൽ നമ്പർ 11/28-03-2016 ₹49244

സമഗ്ര തുടർവിദ്യാഭ്യാസ പദ്ധതിക്കായി തൻവർഷം ₹49,244 ചെലവഴിച്ചിട്ടുണ്ട്. ഇതിൽ ഇൻസ്ട്രക്ടർ മാർക്ക് ഹോണറേറിയം 1,500വീതം 20 പേർക്ക് 30,000 കോ-ഓർഡിനേറ്റർ ഓണറേറിയം ₹6,000 അസിസ്റ്റന്റ് കോർഡിനേറ്റർ ഓണറേറിയം ₹4,500 കൂടാതെ ഭക്ഷണം യാത്രാ ചെലവ്, സ്റ്റേഷനറി ഇനത്തിൽ ₹8,744 എന്നിങ്ങനെ അനുവദിക്കുകയുണ്ടായി. കേരള സംസ്ഥാന സാക്ഷരതത മിഷൻ നല്കുന്ന പാഠപുസ്തകങ്ങളുടെ വിലയും സാക്ഷരത മിഷൻ അടക്കേണ്ട ഫീസും തദ്ദേശ സ്ഥാപനങ്ങൾക്ക് നല്കാമെന്ന് പദ്ധതി മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടുണ്ട്.(ജി.ഒ.(എം.എസ്) 362/2013/ത.സ്വ.ഭ.വ. തീയതി 16-11-2013 മാർഗ്ഗരേഖ അനുബന്ധം-1ഖ.6-iv). എന്നാൽ തുടർവിദ്യാഭ്യാസ പരിപാടികൾക്ക് നടത്തിയ ചെലവ്, മാർഗ്ഗരേഖയിൽ നിർദ്ദേശിച്ച ഇനങ്ങൾക്കല്ല. മാർഗ്ഗരേഖയ്ക്ക് അനുസൃതമല്ലാത്തതിനാൽ ഹോണറേറിയം, ഭക്ഷണ ചെലവ്, യാത്രചെലവ്, സ്റ്റേഷനറി ഇനത്തിൽ ചെലവ് ചെയ്ത ₹49,244 ചെലവ് തടസ്സപ്പെടുത്തുന്നു. മതിയായ വിശദീകരണങ്ങൾ തന്ന് ചെലവ് ക്രമപ്പെടുത്തേണ്ടതാണ്.

## 3-11 പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് ഫർണിച്ചർ സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല ₹64890 തടസ്സപ്പെടുത്തുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ -ഹെഡ് മാസ്റ്റർ

പ്രോജക്റ്റ് നമ്പർ 133/16 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഫർണിച്ചർ

ചെലവ് ₹64,890 വികനസഫണ്ട്

ബിൽ നമ്പർ 3/23-03-16 ₹ 64,890

മേൽ പ്രോജക്ട് പ്രകാരം 18 മേശ, @₹3105 18 കസേര@₹500 എന്നിവ ചൈതന്യ ഹോം അപ്ലയൻസ് കുറുമാത്തൂർ എന്ന സ്ഥാപനത്തിൽ നിന്ന് വാങ്ങിയിട്ടുണ്ട്. ജി.ഒ.(എം.എസ്) 362/2013/ത.സ്വ.ഭ.വ. തീയതി 16-11-2013 അനുബന്ധം 16-6.8.3പ്രകാരം സ്കൂൾ അധികൃതർ നല്കുന്നലിസ്റ്റ് പ്രകാരം സ്കൂൾ അധികൃതർ മുഖാന്തിരം വിതരണം ചെയ്യണം, ഒരു വിദ്യാർത്ഥിക്ക് ഒരു പ്രാവിശ്യം മാത്രമാണ് വിതരണം ചെയ്യേണ്ടതെന്നും, മറ്റ് എജൻസികൾ നിന്ന് ഇതേ ആനുകൂല്യം നേടിയവർ അർഹരല്ല എന്നും വ്യക്തമാക്കിയിട്ടുണ്ടെങ്കിലും അക്കാര്യങ്ങൾ പരിശോധിക്കാതെ വിതരണം ചെയ്തതിന് വിശദീകരണം നല്കിയിട്ടില്ല. ഇത് സംബന്ധിച്ച രേഖകൾ പിന്നീട് ഹാജരാക്കാമെന്നാണ് അറിയിച്ചത്.(ഓഡിറ്റ് എൻക്വയറി നമ്പർ.19/ 15-11-2016) അപാകതകൾ കാരണം ₹64,890 ചെലവ്തടസ്സപ്പെടുത്തുന്നു. സ്കൂൾ അധികൃതരിൽ നിന്ന് ലിസ്റ്റ് ഹാജരാക്കിയും, മറ്റ് ഏജൻസികൾ മുഖാന്തിരം വിതരണം ചെയ്തിട്ടില്ലെന്ന രേഖകൾ ഹാജരാക്കിയും തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-12 എൻ.എ.സി.ഹാജരാക്കിയിട്ടില്ല.₹200000 തടസ്സപ്പെടുത്തുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ -മെഡിക്കൽ ഓഫീസർ ആയുർവ്വേദം

1-പ്രോജക്ട് നമ്പർ /പേര്-22/16വയോജനങ്ങൾക്ക് ആയുർവ്വേദ മരുന്ന് വാങ്ങൽ

അടങ്കൽ ₹50000 വികസനഫണ്ട്

ചെലവ് ബിൽ നമ്പർ 2/15-07-2015 ₹50000

2- പ്രോജക്ട് നമ്പർ /പേര്-22/16ചപ്പാരപ്പടവ് ആയുർവ്വേദ ഡിസ്പെൻസറിയിൽ മരുന്ന് വാങ്ങൽ

അടങ്കൽ ₹150000 വികസനഫണ്ട്

ചെലവ് ബിൽ നമ്പർ 1/15-07-2015 ₹150000

മേൽ പ്രോജക്ടുകൾ പ്രകാരം ആയുർവ്വേദ മരുന്ന് വാങ്ങുന്നതിന് ₹200000 ഔഷധി തൃശ്ശൂർ എന്ന സ്ഥാപനത്തിന് നല്കിയിട്ടുണ്ട്. മരുന്ന് വാങ്ങൽ സംബന്ധിച്ച് താഴെ പറയുന്ന അപാകങ്ങൾ കാണുന്നു.

1-പ്രോജക്ട് തയ്യാറാക്കുന്നതിന് മുമ്പ് ജില്ലാ മെഡിക്കൽ ഓഫീസറിൽ നിന്ന് നോൺ എവൈലബിലിറ്റി സർട്ടിഫിക്കറ്റ് വാങ്ങിയിട്ടില്ല.

2- പ്രോജക്ടുകൾ പ്രകാരം സ്ഥാപനത്തിൽ വാങ്ങുന്ന മരുന്നുകൾക്ക് ഒരു സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നതിന് പകരം വിവിധ പ്രോജക്ടുകൾക്ക് വ്യത്യസ്ത സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചത്. സ്റ്റോക്ക് രജിസ്റ്റർ തുടർച്ചയായി ഉപയോഗിക്കുന്നതിന് പകരം ഓരോ വർഷവും പുതിയ സ്റ്റോക്ക് രജിസ്റ്റർ ഉപയോഗിക്കുന്നത്. സ്റ്റോക്ക് രജിസ്റ്റർ തുടർച്ചയായി ഉപയോഗിക്കേണ്ടതും സ്ഥാപനത്തിലെ മുഴുവൻ മരുന്നുകളുടെയും സ്റ്റോക്കും ഉൾപ്പെടുന്ന മെയിൻ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.

അപാകങ്ങൾ കാരണം ₹200000 ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-13 യുനാനി ഡിസ്പെൻസറിയിൽ മരുന്നുവിതരണം അപാകങ്ങൾ ₹100000 തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നമ്പർ /പേര്-22/16 യുനാനി ഡിസ്പെൻസറിയിൽ മരുന്ന് വാങ്ങൽ

അടങ്കൽ ₹100000 വികസനഫണ്ട്

ചെലവ് ബിൽ നമ്പർ 3/17-09-2015 ₹100000

3- യുനാനി ഡിസ്പെൻസറിയിൽ മരുന്ന് വാങ്ങൽ പ്രോജക്ട് പ്രകാരം വാങ്ങിയ മരുന്നുകൾ ഇൻവോയിസ് 5/2015-16 (GP) തീയതി 10-04-2016 പ്രകാരം സ്റ്റോക്കിൽ എടുത്തിട്ടുണ്ടെങ്കിലും, ഏത് തീയതിയിലാണ് കൈപ്പറ്റിയതെന്ന് രേഖപ്പെടുത്തിയിട്ടില്ല. വാങ്ങിയ മരുന്നുകൾ വിതരണം ചെയ്തതായി സ്റ്റോക്കിൽ രേഖപ്പെടുത്തിയിട്ടില്ല. വിതരണം ചെയ്യാതതിന് കാരണം അറിയിക്കുന്നതിന് കാരണം വിശദമാക്കുന്നതിന് നല്കിയ ഓഡിറ്റ് എൻക്വയറി നമ്പർ. 9/11-11-2016 ന് മറുപടി നല്കിയിട്ടില്ല. യുനാനി ഡിസ്പെൻസറിയിൽ വാങ്ങിയ മരുന്നുകൾ വിതരണം ചെയ്തിട്ടുണ്ടോയെന്ന് പരിശോധിച്ച് ഉചിതമായ നടപടികൾ സ്വീകരിക്കുന്നതിനായി ഭരണസമിതിയെ ചുമതലപ്പെടുത്തുന്നു. ₹100000 ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-14 അംഗനവാടി ജീവനക്കാർക്കുള്ള അധികവേതനം- വിതരണ രേഖകൾ ഹാജരാക്കിയില്ല-ചെലവ് തുക 51,300/- രൂപ തടസ്സപ്പെടുത്തുന്നു.

നിർവഹണ ഉദ്യോഗസ്ഥൻ : ഐ.സി.ഡി.എസ്. സൂപ്പർവൈസർ

പ്രോജക്ട് നമ്പർ : S0034/16

അടങ്കൽ : 1,02,600/- വികസനഫണ്ട്

ബിൽ നം. & തീയതി : 5/1-1-2016, തുക 51,300/-

11/31-3-2016, തുക 51,300/-

ആകെ : 1,02,600/-

അംഗനവാടി ജീവനക്കാരുടെ ജീവിത നിലവാരം ഉയർത്തുക എന്ന ലക്ഷ്യം മുൻനിർത്തി തയ്യാറാക്കിയ മേൽ പ്രോജക്ട് പ്രകാരം ബിൽ നം. 5/15-16 തീയതി 1-1-2016 ആയി 51,300/- രൂപ പിൻവലിച്ചിട്ടുണ്ട്. എന്നാൽ തുക അംഗനവാടി ജീവനക്കാർക്കു വിതരണം ചെയ്തതിന്റെ രേഖകൾ ഓഡിറ്റിൽ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം-23/16-11-2016 ) ഐ സി ഡി എസ് സൂപ്പർവൈസർ മറുപടി നല്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ 51,300/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ചെലവ് രേഖകൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-15 പ്രത്യേക ആവശ്യങ്ങൾക്ക് ലഭിച്ച വിവിധ ഗ്രാന്റുകളിൽ 14.80 ലക്ഷം രൂപ നീക്കിയിരിപ്പ് - തുക ഫലപ്രദമായി വിനിയോഗിക്കേണ്ടതാണ്.

പ്രത്യേക ആവശ്യങ്ങൾക്ക് ലഭിച്ച വിവിധ ഗ്രാന്റുകളിൽ 14.80 ലക്ഷം നീക്കിയിരിപ്പ് തുക ഫലപ്രദമായി വിനിയോഗിക്കേണ്ടതാണ്. B-4 പത്രിക പ്രകാരം വിവിധ ആവശ്യങ്ങൾക്കായി ജില്ലാപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ശുചിത്വമിഷൻ തുടങ്ങി മറ്റ് ഏജൻസികളിൽ നിന്ന് ലഭിച്ച 14.80 ലക്ഷം രൂപ വിനിയോഗിക്കാതെ അവശേഷിക്കുന്നുണ്ട്. തുക അനുവദിച്ച ആവശ്യങ്ങൾക്കായി വിനിയോഗിക്കേണ്ടതായുണ്ട്. ഇക്കാര്യത്തിൽ ഭരണസമിതിയുടെ പ്രത്യക ശ്രദ്ധയിൽ പെടുത്തുന്നു.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | മുന്നിരിപ്പ് ഉൾപ്പടെ | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാപഞ്ചായത്ത് | 2015-16 | 6300 | 6300 | 6300 | - |
| ജില്ലാപഞ്ചായത്ത് | 2015-16 | 100000 | 100000 | 100000 | - |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി

തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.ഡബ്ല്യൂ.എ | അംഗനവാടി വാട്ടർ കണക്ഷൻ | | 89865 | 89865 | - |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| 2015-16 | ഇ.എം.എസ്. ഭവന പദ്ധതി | സ.ഉ(സാധാ) 317/2010 തീയതി 28-01-2010 | 6335485 | 195100 | 0 | 6140385 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് * | 55818300 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് * | 65887639 |

| | |
|---|---|
| വരവിനങ്ങളിലുള്ള നഷ്ടം | 7481 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 19488 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1858453 |

*Receipt & Payment Statement പ്രകാരം

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 6748 | | ശ്രീ.സുജിത്ത് കുമാർ.പി<br>സെക്രട്ടറി |
| 2-3 | 83 | | ശ്രീ.സുജിത്ത് കുമാർ.പി<br>സെക്രട്ടറി |
| 2-4 | 650 | | ശ്രീ.സുജിത്ത് കുമാർ.പി<br>സെക്രട്ടറി |
| 3-1 | | 4000 + പലിശ | ശ്രീ.അശോകൻ മലപ്പിലായി<br>സെക്രട്ടറി |
| 3-2 | | 15024 + പലിശ | ശ്രീ.തോമസ് മാത്യു<br>അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-3 | | 464 + പലിശ | ശ്രീ.തോമസ് മാത്യു<br>അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | 7481 | 19488 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-5 | 712263 | ശ്രീമതി.വാഹിദ.കെ<br>അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-6 | 65000 | ശ്രീ.സുജിത്ത് കുമാർ.പി<br>സെക്രട്ടറി |
| 3-7 | 337350 | ശ്രീ.സുജിത്ത് കുമാർ.പി<br>സെക്രട്ടറി |
| 3-9 | 278406 | ശ്രീ.ഔസേപ്പ് സി.ജെ.<br>ഹെഡ് മാസ്റ്റർ |
| 3-10 | 49244 | ശ്രീ.ഔസേപ്പ് സി.ജെ.<br>ഹെഡ് മാസ്റ്റർ |
| 3-11 | 64890 | ശ്രീ.ഔസേപ്പ് സി.ജെ.<br>ഹെഡ് മാസ്റ്റർ |

| | | |
|---|---|---|
| 3-12 | 200000 | ശ്രീമതി.ഡോ.പ്രീത,<br>മെഡിക്കൽ ഓഫീസർ<br>ആയുർവേദം |
| 3-13 | 100000 | ശ്രീമതി.ഡോ.പ്രീത,<br>മെഡിക്കൽ ഓഫീസർ<br>ആയുർവേദം |
| 3-14 | 51300 | ശ്രീമതി.ശ്രീലത.സി.കെ.,<br>ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| ആകെ | 1858453 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.സുജിത്ത്കുമാർ.പി | സെക്രട്ടറി,കതിരൂർ ഗ്രാമപഞ്ചായത്ത് | രാജ്ഭവൻ,<br>പിണറായി.പി.ഒ.<br>തലശ്ശേരി.വഴി, 670741 |
| ശ്രീ.അശോകൻ മലപ്പിലായി | സെക്രട്ടറി,<br>പെരളശ്ശേരി ഗ്രാമപഞ്ചായത്ത് | അശ്വതി സദൻ, കരിയിൽ<br>നിർമലഗിരി.പി.ഒ,<br>പിൻ 670701, കണ്ണൂർ |
| ശ്രീ.തോമസ് മാത്യു | അസിസ്റ്റന്റ് എഞ്ചിനീയർ,<br>ചപ്പാരപ്പടവ് ഗ്രാമപഞ്ചായത്ത് | വലിയതാമരശ്ശേരിയിൽ,<br>അഞ്ചൽ,കൊല്ലം |
| ഔസേപ്പ്.സി.ജെ. | വിരമിച്ചു | ചെറുപ്ലാവിൽ,<br>ആലക്കോട്പി.ഒ.,<br>അരങ്ങം, 670571. |
| ശ്രീമതി.ശ്രീലത.സി.കെ., | ഐ.സി.ഡി.എസ്.<br>സൂപ്പർവൈസർചപ്പാരപ്പടവ് ഗ്രാമപഞ്ചായത്ത് | ശ്രീനാരായണ,<br>മുഴപ്പിലങ്ങാട്,<br>മുഴപ്പിലങ്ങാട്, പി.ഒ.<br>കണ്ണൂർ |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 2002-03 | എൽ.എഫ്.കെ.എൻ.ആർ.സി1/1102/07<br>തീയതി 31-01-2008 | 5 | |
| 2003-04 | എൽ.എഫ്.കെ.എൻ.ആർ.സി1/1102/07<br>തീയതി 31-01-2008 | | |
| 2006-07 | എൽ.എഫ്.കെ.എൻ.ആർ.സി4/508/10<br>തീയതി 07-01-2011 | 4 | |
| 2007-08 | എൽ.എഫ്.കെ.എൻ.ആർ.സി1/36/11<br>തീയതി 07-01-2011 | 1 | |
| 2008-09 | എൽ.എഫ്.കെ.എൻ.ആർ.സി1/37/11<br>തീയതി 10-10-2011/03-12-2011 | 1 | |
| 2009-10,<br>2010-11 | എൽ.എഫ്.കെ.എൻ.ആർ.സി6/380/13<br>തീയതി 04-05-2013/01-06-2013 | 11 | |
| 2011-12<br>2012-13 | എൽ.എഫ്.കെ.എൻ.ആർ.സി6/1358/14<br>തീയതി 20-09-2014 | 17 | |
| 2013-14<br>2014-15 | കെ.എസ്.എ.കെ.എൻ.ആർ.സി6/817/2015<br>തീയതി.25-07-2016 | | |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാഓഡിറ്റ് കാര്യാലയം, കണ്ണൂർ

# Annexure - 1

# AUDIT CERTIFICATE

KSA-K.N.R./C6/2041/2016

Kerala State Audit Department,
District Audit Office, Kannur-670 001.
Phone: 0497-2707698.
e-Mail:*lfaddistofficeknr@gmail.com*

Date: 29.12.2016

Certified that I have audited the annual Financial Statement of Chapparappadavu Gramapanchayat in Kannur District for the year ended on 31.03.2016 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my Opinion, the Financial Statements of Chapparappadavu Gramapanchayat for the year 2015-16 except the observation in My audit report properly presents the picture of income and expenditure.

Deputy Director.
District Audit Office, Kannur

# ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ/കെ.എൻ.ആർ./C6 /2041/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ-670 001.
ഫോൺ: 0497-2707698
ഇ-മെയിൽ:lfaddistoffice@gmail.com

തീയ്യതി. 29.12.2016

1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേഡുകൾ അവലംബിച്ചും കണ്ണൂർ ജില്ലയിലെ ചപ്പാരപ്പടവ് ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ചപ്പാരപ്പടവ് ഗ്രാമപഞ്ചായത്തിന്റെ 2015-16 ലെ വാർഷിക ധനകാര്യപത്രിക, വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ.
ജില്ലാഓഡിറ്റ് കാര്യാലയം, കണ്ണൂർ.

# Annexure - 2

# RECEIPT AND PAYMENT STATEMENT OF CHAPPARAPADAVU GRAMA PANCHAYATH FOR THE PERIOD FROM 1-4-2015 TO 31-3-2016

| Code No | Head Account | Schedule | Amount ₹ |
|---|---|---|---|
| | Opening Balance | | |
| | Bank<br>Cash | RP-40(a)<br>RP-40(a) | 38,879,517<br>156,457 |
| | Receipts | | |
| Operating | | | |
| 110000000 | Tax Revenue | RP-1 | 928,420 |
| 130000000 | Rental Income from panchayat properties | RP-3 | 4,500 |
| 140000000 | Fees & User Charges | RP-4 | 381,801 |
| 150000000 | Sale & Hire Charges | RP-5 | 1,017,782 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 9,774,589 |
| 171000000 | Interest Earned | RP-9 | 352,989 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 40,154,233 |
| 350000000 | Other Liabilities | RP-36 | 52,860 |
| Non Operating | | | |
| 311000000 | Earmarked Funds | RP-29 | 103 |
| 340000000 | Deposits Received | RP-34 | 173,400 |
| 350000000 | Other Liabilities | RP-36 | 246,771 |
| 431000000 | Sundry Debtors (Receivables) | RP-43 | 2,668,352 |
| 440000000 Pre-paid Expenses | | RP-45 | 52,500 |
| 460000000 | Loans,advancesand deposits | RP-47 | 10,000 |

| | | | |
|---|---|---|---|
| Grand Total | | | 94,854,274 |
| | Payments | | |
| Operating | | | |
| 210000000 | Establishment Expenses | RP-11 | 1,814,119 |
| 220000000 | Administrative Expenses | RP-12 | 1,803,866 |
| 230000000 | Operations & Maintenance | RP-13 | 346,954 |
| 250000000 | Decentralised Plan Programme-Productive Sector | RP-15 | 2,272,406 |
| 251000000 | Decentralised Plan Programme-Service Sector | RP-16 | 12,636,970 |
| 252000000 | Decentralised Plan Programme-Infrastructure Sector | RP-17 | 3,408,135 |
| 253000000 | Decentralised Plan Programme-Projects not in Sector | RP-18 | 542,909 |
| 254000000 | Expen.of Transferrred Institutions & State Spon. Schems | RP-19 | 536,200 |
| 255000000 | Maintance Projects | RP-20 | 16,526,295 |
| 256000000 | Other Revenue Grants & Funds- Revenue Expenses | RP-21 | 86,500 |
| 280000000 | Prior Perid Items | RP-26 | -457 |
| 320000000 | Grants, Funds& Contributions for Specific Purposes | RP-31 | 29,198 |
| 350000000 | Othes Liabilities | RP-36 | 4,991,697 |
| Non Operating | | | |
| 240000000 | Interests & Finance Charges | RP-14 | 1,360 |
| 330000000 | Secured loans | RP-32 | 195100 |
| 340000000 | Deposits Received | RP-34 | 179,920 |
| 350000000 | Other Liabilities | RP-36 | 1,458,455 |
| 410000000 | Fixed Assets | RP-38 | 8,989,331 |
| 412000000 | Capital Work in Progress | RP-40 | 10,026,681 |
| 460000000 | Loans, Advances and Deposits | RP-47 | 42,000 |
| | Closing Balance | | |
| | Bank<br>Cash | RP-40(b)<br>RP-40(b) | 28,789,517<br>177,118 |
| Grand Total | | | 94,854,274 |

# Annexure - 3

# INCOME AND EXPENDITURE STATEMENT OF CHAPPARAPADAVU GRAMA PANCHAYAT FOR THE PERIOD FROM 1-4-2014 TO 31-3-2015

| CODE | HEAD OF ACCOUNT | SCHEDULE | AMOUNT ₹ |
|---|---|---|---|
| | INCOME | | |
| 110000000 | Tax Revenue | I-1 | 3,847,167 |
| 130000000 | Rental Income from panchayat properties | I-3 | 200,394 |
| 140000000 | Fees & User Charges | I-4(b) | 463,151 |
| 150000000 | Sale & Hire Charges | I-5(b) | 1,017,782 |
| 160000000 | RevenueGrants,Funds,Contributions& Compensations | I-6 | 75,084,403 |
| 171000000 | Interest Earned | I-8 | 352,989 |
| 180000000 | Other Income | I-9 | 49,806 |
| A | Total Income | | 81,015,692 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 6,096,110 |
| 220000000 | Administrative Expenses | I-11(b) | 1,803,866 |
| 230000000 | Operations & Maintenance | I-12(b) | 346,954 |
| 240000000 | Interest & Finance Charges | I-13 | 1,360 |
| 250000000 | Decentralised Plan Programme-Productive Sector | I-14 | 5,256,707 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 23,569,500 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 3,832,475 |
| 253000000 | Decentralised Plan Programme-Projects not in Sector | I-14(c) | 542,909 |
| 254000000 | Expen.of Transferrred Institutions & State Spon. Schems | I-14(d) | 18,811,500 |
| 255000000 | Maintance Projects | I-14(e) | 16,526,295 |
| 256000000 | Other Revenue Grants & Funds- Revenue Expenses | I-15(a) | 86,500 |
| 272000000 | Depreciation | I-17(a) | 4,139,316 |
| B | Total Expenditure | | 81,013,492 |
| C=A-B | Gross Surplus / Defict Income over Expenditure | | 2,200 |
| D= 280000000 | Prior Period Item | I-18 | (457) |
| E=C-D 290000000 | Gross Surplus/Defict of Income over Expenditure after prior Period items. Transfer to Reserve Funds | | 2657 |

| | | | |
|---|---|---|---|
| | Net Balance being Surplus/Defict carried over to Balance Sheet (Panchayat Fund) | | |

# Annexure - 4

# BALANCE SHEET OF CHAPPARAPADAVU GRAMA PANCHAYATH AS ON 31-3-2016

| Code No | Description of Items | Schedule No | Amount |
|---|---|---|---|
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayath Fund | B-1 | 32051907.35 |
| 311000000 | Earmarked Funds | B-2 | 2632 |
| 312000000 | Reserves | B-3 | 54074429 |
| | Total Reserve & Surplus | | 86128968.35 |
| | Grants , Contribution for specific purposes | | |
| 320000000 | Grants, Funds,Contributions for specific purposes | B-4 | 1480887 |
| | Total Grants,Contribution for specific purposes | | 1480887 |
| | Loans | | |
| 330000000 | Secured Loans | B-5 | 6140385 |
| | Total Loans | | 6140385 |
| | Current Liabilities and Provisions | | |
| 34000000 | Deposits Received | B-7 | 1390798 |
| 350000000 | Other Liabilities | B-9 | 648490.50 |
| | Total Current Liabilities and Provisions | | 2039288.50 |
| | TOTAL LIABILITIES | | 95789528.88 |
| | ASSETS | | |
| | Fixed Assets | | |

| | | | |
|---|---|---|---|
| 410000000 | Fixed Assets | B-11 | 69036593 |
| 411000000 | Accumulated Depreciation | B-11 | (10029641) |
| 412000000 | Capital Work In Progress | B-11(a) | 410427 |
| | Total Fixed Assets | | 59417369 |
| | Current Assets,Loans and Advances | | |
| 430000000 | Stock in Hand | B-14 | 0 |
| 431000000 | Sundry Debtors (Receivables) | B-15 | 1309439.85 |
| 450000000 | Cash and Bank balance | B-16 | 6087885 |
| 460000000 | Cash and Bank balance | B-17 | 28966635 |
| 460000000 | Loans, Advances and Deposits | B-18 | 8200 |
| | Total Current Assets,Loans and Advances | | 36372159.85 |
| | TOTAL ASSETS | | 95789528.85 |